# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2142

07-07-2015-ൽ മറുപടിക്ക്

### ഗെയ്ൽ പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിലൂടെ യാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലൂടെയാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത പൈപ്പ് ലൈൻ കടന്നു പോകുന്ന എല്ലാ പ്രദേശങ്ങളിലും എതിർപ്പുകൾ ഉണ്ടോ ; ഇതിനകം ഏതെല്ലാം പ്രദേശങ്ങളിലാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത് ; | (ബി) എല്ലാ പ്രദേശങ്ങളിലും എതിർപ്പുകൾ ഇല്ല. ഇതിനകം എറണാകുളം, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളി ലായി 27.693 കിലോമീറ്റർ ദൂരത്തിൽ പൈപ്പ് ലൈനുകൾ ഭൂമിക്കടിയിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതി ക്കെതിരെ സമരം ചെയ്യുന്നവരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കണമെന്ന് ചീഫ് സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൻമേൽ നിലപാട് വ്യക്തമാക്കുമോ ; | (സി) പരമാവധി ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി പൈപ്പുലൈൻ നിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള നടപടി കളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതിനായി ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ടു മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളു. |

(ഡി) പ്രസ്തുത വിഷയത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(ഡി) പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷയെ ഷറ്റി ജനങ്ങളുടെ മനസ്സിൽ ഉടലെടുത്തിട്ടുള്ള ആശങ്ക മാറ്റിയെടുത്തു. പദ്ധതിയുടെ സുരക്ഷതത്വത്തെഷറ്റിയും പദ്ധതിയിലൂടെ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലൂടെ പൈപ്പ് ലൈൻ പദ്ധതിയെഷറ്റിയുള്ള ജനങ്ങളുടെ ആശങ്കയകറ്റുവാനും സർക്കാർ വിവിധ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾ മുഖേനയും, എഫ്.എം. റേഡിയോയിലൂടെയും സർക്കാർ വകുപ്പുകൾ, വിവിധ NGO കൾ, ഇതര ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും ബോധവത്ക്കരണം നടത്തി വരുന്നുണ്ട്. ഇതിനു പുറമേ ഗെയിലിന്റെ ഭാഗത്ത് നിന്ന് വില്ലേജുകൾ തോറും ഉദ്യോഗസ്ഥർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ